**മധുരമായ കുട്ടികളേ - തന്റെ മനസ്സാകുന്ന കണ്ണാടിയിൽ നോക്കണം ഉള്ളിൽ ഏതെങ്കിലും ഭൂതമൊന്നും ഇല്ലല്ലോ, ഭൂതങ്ങളെ ഇല്ലാതാക്കാനുള്ള പ്രയത്നം ചെയ്തുകൊണ്ടേയിരിക്കണം.**

**ചോദ്യം -** ബാബയുടേയും കുട്ടികളുടേയും ഇടയിൽ, സംഗമത്തിൽ ലോകത്തിൽ നിന്നും തീർത്തും വേറിട്ടതായ ആചാരം നടക്കുന്നു, അത് ഏതാണ്?
**ഉത്തരം -** ലോകത്തിൽ കുട്ടികൾ അച്ഛനോട് നമസ്തെ പറയാറുണ്ട് പക്ഷെ ഇവിടെ ബാബ കുട്ടികളോടാണ് നമസ്തെ പറയുന്നത്. ബാബ സ്വയം പറയുകയാണ് മധുരമായ കുട്ടികളേ, ഞാൻ നിങ്ങളുടെ സേവനത്തിനു വേണ്ടി വന്നിരിക്കുകയാണ്, അപ്പോൾ നിങ്ങൾ കുട്ടികൾ എന്നെക്കാളും ഉയർന്നവരാണ്. രണ്ടാമത്തേത് ഞാൻ നിരഹങ്കാരിയും, നിരാകാരിയുമായ അച്ഛനാണ് അതിനാൽ തീർച്ചയായും ഞാൻ ആദ്യം നമസ്തെ പറയും. ഇതും സംഗമത്തിലെ വേറിട്ട രീതിയാണ്.

**ഓം ശാന്തി**. ഇവിടെ വരുമ്പോൾ ആദ്യം ബാബ കുട്ടികളോട് നമസ്തെ പറയണോ അതോ കുട്ടികൾ ബാബയോടാണോ നമസ്തെ പറയേണ്ടത്? (കുട്ടികൾ ബാബയോട് പറയണം) അല്ല. ആദ്യം ബാബക്കാണ് നമസ്തെ പറയേണ്ടത്. സംഗമയുഗത്തിലെ രീതിയും ആചാരവുമെല്ലാം വേറിട്ടതാണ്. ബാബ സ്വയം പറയുകയാണ് - ഞാൻ സർവ്വരുടേയും അച്ഛനാണ്, നിങ്ങളുടെ സേവനം ചെയ്യാൻ വന്നിരിക്കുകയാണ് അതിനാൽ തീർച്ചയായും നിങ്ങൾ കുട്ടികളാണല്ലോ ഉയർന്നവർ. ലോകത്തിലാണെങ്കിൽ കുട്ടികൾ ബാബയോട് നമസ്തെ പറയാറുണ്ട്, ഇവിടെയാണെങ്കിൽ ബാബ കുട്ടികളോടാണ് നമസ്തെ പറയുന്നത്. മഹിമയുമുണ്ട് നിരാകാരി, നിരഹങ്കാരി എങ്കിൽ അത് കാണിക്കണമല്ലോ. അവരാണെങ്കിൽ സന്യാസിമാരുടെ ചരണങ്ങളിൽ വീഴാറുണ്ട്, ചരണങ്ങളെ ചുംബിക്കാറുണ്ട് എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. കല്പത്തിന്റെ അവസാനം കുട്ടികളെ കാണുന്നതിനാണ് ബാബ വന്നിരിക്കുന്നത്. നിങ്ങൾ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികളാണ്, അതുകൊണ്ടാണ് പറയുന്നത് മധുരമായ കുട്ടികളെ, നിങ്ങൾ ക്ഷീണിച്ചിരിക്കുകയാണ്. ദ്രൗപദിയുടെ പാദം തടവി കൊടുത്തുവെങ്കിൽ സേവകനായില്ലേ. വന്ദേ മാതരം ഇത് ആരാണ് പറഞ്ഞത്? ബാബ. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ബാബ വന്നിരിക്കുകയാണ് മുഴുവൻ സൃഷ്ടിയുടേയും പരിധിയില്ലാത്ത സേവനം ചെയ്യുന്നതിനു വേണ്ടി. സൃഷ്ടിയിൽ എത്ര അഴുക്കാണ്, ഇത് നരകമാണ്. അതിനാൽ നരകത്തെ സ്വർഗ്ഗമാക്കി മാറ്റുവാൻ ബാബക്ക് വരേണ്ടി വന്നു. വളരെയധികം ഇഷ്ടത്തോടെയാണ് വന്നിരിക്കുന്നത്. എന്റെ കുട്ടികളുടെ സേവനത്തിനു വേണ്ടി വരണം എന്ന് ബാബക്ക് അറിയാം. കല്പ കല്പം സേവനം ചെയ്യുന്നതിനു വേണ്ടി വന്നിട്ടുണ്ട്. ഇവിടെ ഇരുന്നു കൊണ്ടും ഇത് സർവ്വരുടേയും സേവനമാകുന്നു. അല്ലാതെ സർവ്വരുടേയും അടുത്തേക്ക് പോകണം എന്നൊന്നുമില്ല. മുഴുവൻ സൃഷ്ടിയുടേയും മംഗളകാരിയായ ദാതാവ് ഒരാളാണ്. ബാബയുമായി താരതമ്യം ചെയ്താൽ മനുഷ്യർക്ക് ഒരു സേവയും ചെയ്യാൻ കഴിയില്ല. പരിധിയില്ലാത്ത സേവനം ബാബയുടേതാണ്.
**ഗീതം** - ഉണരൂ സജിനിമാരെ ഉണരൂ.....................
എത്ര നല്ല ഗീതമാണ്. പുതിയ യുഗത്തെ കുറിച്ചും മനസ്സിലാക്കി കൊടുക്കണം. ഭാരതവാസികൾക്ക് തന്നെയാണ് യുഗങ്ങളും ഉള്ളത്. ഭാരതവാസികളിൽ നിന്നുമാണ് കേൾക്കുന്നത് സത്യത്രേതായുഗം ഉണ്ടായിരുന്നു, കഴിഞ്ഞു പോയതാണ് എന്തുകൊണ്ടെന്നാൽ ബാബ വരുന്നത് തന്നെ ദ്വാപരത്തിലാണ്. അപ്പോൾ മറ്റുള്ളവരിൽ നിന്നുമാണ് കേൾക്കുന്നത്, ഭാരതം പ്രാചീന ഖണ്ഡമായിരുന്നു, അവിടെ രാജ്യം ഭരിച്ചിരുന്നത് ദേവതകളായിരുന്നു. ആദി സനാതന ദേവി ദേവതാ ധർമ്മമുണ്ടായിരുന്നു, അത് ഇപ്പോൾ ഇല്ല. ഗീത ദേവി ദേവതാ ധർമ്മത്തിന്റെ അമ്മയും അച്ഛനുമാണ്. ബാക്കി എല്ലാം അതിനു ശേഷമാണ് വരുന്നത്. അതിനാൽ സർവ്വ ധർമ്മങ്ങൾക്കും വേണ്ടിയുള്ള പ്രാചീനമായത് ഇതാണ്. വാസ്തവത്തിൽ മുഖ്യമായത് ഒരു ഗീത തന്നെയാണ്, ഇത് എല്ലാവരും അംഗീകരിക്കണം. പക്ഷെ എവിടെയാണ് അംഗീകരിക്കുന്നത്. അവർ തന്റെ ധർമ്മശാസ്ത്രത്തെയാണ് അംഗീകരിക്കുന്നത്. ഭഗവാൻ എപ്പോഴാണ് ഗീത ഉച്ചരിച്ചത് എന്നത് പോലും അറിയുന്നില്ല. ബാബയാണ് ഗീത ഉച്ചരിച്ചത്. അതിൽ ബാബയുടെ പേരിനു പകരം മകന്റെ പേര് എഴുതി ആശയക്കുഴപ്പത്തിലാക്കി, അതിനാൽ ശിവരാത്രി എപ്പോഴാണ് ആഘോഷിക്കേണ്ടത് എന്നതും ആർക്കും അറിയില്ല. ശിവജയന്തിക്കു ശേഷം വരുന്നത് കൃഷ്ണ ജയന്തിയാണ്. ഒരിക്കലും ശ്രീകൃഷ്ണ യജ്ഞം എന്നൊന്നും പറയാറില്ല. രുദ്ര ജ്ഞാന യജ്ഞം എന്നാണ് പാടിയിരിക്കുന്നത്. ഇതിൽ നിന്നാണ് വിനാശ ജ്വാല പ്രജ്ജ്വലിതമാകുന്നത്, അത് കാണുന്നുണ്ടല്ലോ. ആദി സനാതന ദേവി ദേവതാ ധർമ്മത്തിന്റെ സ്ഥാപന വീണ്ടും നടക്കുകയാണ് പിന്നെ ഇന്നു കാണുന്ന അനേകം ധർമ്മങ്ങളൊന്നും ഉണ്ടാവുകയില്ല. എപ്പോഴാണോ മറ്റു ധർമ്മങ്ങൾ ഇല്ലാതാകുന്നത് അപ്പോഴാണ് കൃഷ്ണൻ വരുക. ബാക്കി എല്ലാ

ആത്മാക്കളും മുക്തിധാമത്തിലേക്ക് പോകും. എല്ലാവരും ഭഗവാനെ കണ്ടുമുട്ടണമല്ലോ. എല്ലാവരും ബാബയോട് സലാം ചെയ്യും. ബാബയും വന്ന് കുട്ടികളോട് സലാം ചെയ്യുകയാണ്. കുട്ടികൾ പിന്നെ ബാബയോട് സലാം ചെയ്യാറുണ്ട്. ഈ സമയത്ത് ബാബ സാകാരത്തിലേക്ക് വന്നിരിക്കുകയാണ്. ഇവിടെയാണെങ്കിൽ എല്ലാ ആത്മാക്കൾക്കും ബാബയെ കാണാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ കോടിയിൽ ചിലരെ വരുകയുള്ളൂ. ഇപ്പോൾ എല്ലാ ഭക്തരും എവിടെ എങ്ങനെ കണ്ടുമുട്ടും? എവിടെ നിന്നാണോ ഭഗവാനോട് വിട ചോദിച്ചത്, അവിടെ പോയിട്ട് കാണണം. പരംധാമമാണ് ഭഗവാന്റെ നിവാസ സ്ഥാനം. ബാബ പറയുകയാണ് എല്ലാ കുട്ടികളേയും ദു:ഖങ്ങളിൽ നിന്നും മുക്തമാക്കി പരംധാമത്തിലേക്ക് കൊണ്ടുപോകും. ഇത് ബാബയുടെ തന്നെ ജോലിയാണ്. പതിതമായ സൃഷ്ടിയെ പാവനമാക്കാൻ ബാബക്ക് വരുക തന്നെ വേണം. സ്വർഗത്തിന്റെ പിതാവാണ് ഭഗവാനെങ്കിൽ തീർച്ചയായും സ്വർഗ്ഗം സൃഷ്ടിക്കുമല്ലോ. നരകത്തിന്റെ സ്ഥാപന രാവണനാണ് ചെയ്യുന്നത്, സ്വർഗ്ഗത്തിന്റെ സ്ഥാപന ബാബയാണ് ചെയ്യുന്നത്. ബാബയുടെ ശരിയായ നാമം ശിവനാണ്, ബിന്ദുവാണ്. ആത്മാവും ബിന്ദുവാണ്, ഭ്രുകുടിയിൽ ആത്മാവിനാണ് ഇരിക്കാൻ സാധിക്കുക. അതിനാൽ ആത്മാവ് ഏതുപോലെയാണോ അതുപോലെ ആയിരിക്കും പരമാത്മാവും. പക്ഷെ അത്ഭുതം ഇതാണ് ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് നിറഞ്ഞിരിക്കുകയാണ്, ഇത് മാറ്റാൻ ആർക്കും സാധിക്കില്ല. ഇത് എന്നന്നേക്കും നടക്കും. എത്ര ഗുഹ്യമായ കാര്യമാണ്.

ഇപ്പോൾ മനുഷ്യർ ശാന്തി യാചിക്കുകയാണ് എന്തുകൊണ്ടെന്നാൽ എല്ലാവരും ശാന്തിയിലേക്ക് പോകുന്നവരാണ്. പറയുന്നുണ്ട് ഇവിടെയുള്ള സുഖം ക്ഷണഭംഗുരമാണ്. ഇപ്പോൾ ഗീതയിലാണെങ്കിൽ കാണിച്ചിട്ടുണ്ട് രാജയോഗത്തിലൂടെ രാജാക്കന്മാരുടേയും രാജാവാകുക, അപ്പോൾ അല്പ സമയത്തേക്ക് മാത്രമുള്ള സുഖമാണ് എന്ന് മനസ്സിലാക്കുന്ന അവർക്ക് രാജ്യാധികാരം എങ്ങനെ ലഭിക്കും. ഇത് പ്രവൃത്തി മാർഗ്ഗത്തിന്റെ കാര്യമാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ട് കമല പുഷ്പ സമാനം പവിത്രമായി കഴിയണം. ഉദാരത ആരംഭിക്കുന്നത് വീട്ടിൽ നിന്നാണ്. ശിവബാബയും പറയുകയാണ് ഞാൻ ആദ്യം ഈ സാകാര ബ്രഹ്മാവിനാണ് മനസ്സിലാക്കി കൊടുക്കുന്നത്. ഇത് ശിവബാബയുടെ ചൈതന്യ വീടാണ്. ആദ്യമാദ്യം ഈ ബ്രഹ്മാവാണ് പഠിക്കുന്നത് പിന്നെ ബാബയിൽ നിന്നും ദത്തെടുക്കപ്പെട്ട കുട്ടികൾ നമ്പർവാറായി പഠിക്കുകയാണ്. ഇത് വളരെ ഗുഹ്യമായ കാര്യമാണ്. സദ്ഗതി ദാതാവ് പതിത പാവനനായ ബാബ വന്ന് എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി തരുകയാണ്. അവിടെ ഇരുന്നു കൊണ്ട് പ്രേരണയൊന്നുമല്ല നൽകുന്നത്. ബാബ ഇവിടേക്ക് വരുകയാണ്. ഓർമ്മചിഹ്നമായി ധാരാളം ശിവന്റെ ക്ഷേത്രങ്ങളും ഉണ്ട്. സ്വയം പറയുകയാണ് ഞാൻ സാധാരണ ബ്രഹ്മാ ശരീരത്തിലേക്കാണ് വരുന്നത്. സ്വയത്തിന്റെ ജന്മങ്ങളെ കുറിച്ച് ഒന്നും അറിയുമായിരുന്നില്ല, ഇതിൽ ഒരാളുടെ കാര്യമല്ല. എല്ലാ ബ്രഹ്മാമുഖവംശാവലികളും ഇരിക്കുന്നുണ്ട്, ബ്രഹ്മാ മുഖത്തിലൂടെയാണ് നിങ്ങൾ ബ്രാഹ്മണർ രചിക്കപ്പെട്ടത്. നിങ്ങൾ ബ്രാഹ്മണർക്കാണ് മനസ്സിലാക്കി തരുന്നത്. ബ്രാഹ്മണരിലൂടെയാണ് യജ്ഞങ്ങൾ നടക്കാറുള്ളത്. ആ ഗീത കേൾപ്പിക്കുന്നവരുടെ അടുത്ത് ബ്രാഹ്മണരൊന്നും ഇല്ല, അതിനാൽ അത് യജ്ഞമാകില്ല. ഇത് പരിധിയില്ലാത്ത ബാബയിലൂടെ രചിക്കപ്പെട്ട വളരെ വലിയ യജ്ഞമാണ്. വലിയ വലിയ പാത്രങ്ങളിൽ നിറയ്ക്കാറുണ്ട്. ഭണ്ഡാരിയിൽ ഇപ്പോൾ നിങ്ങൾ നിറച്ചു കൊണ്ടേയിരിക്കുന്നുണ്ട്. എപ്പോഴാണ് സമാപ്തമാവുക? എപ്പോൾ മുഴുവൻ രാജധാനിയും സ്ഥാപനയാകുന്നോ അപ്പോൾ. ബാബ പറയുകയാണ് നിങ്ങളെ തിരിച്ച് വീട്ടിലേക്ക് കൂട്ടി കൊണ്ടു പോകും പിന്നെ നമ്പർവാർ പാർട്ട് അഭിനയിക്കാൻ പറഞ്ഞു വിടും. ഞാൻ നിങ്ങളുടെ വഴികാട്ടിയാണ്, ഞാൻ നിങ്ങളെ കൂടെ കൂട്ടി കൊണ്ടു പോകും എന്ന് മറ്റാർക്കും പറയാൻ സാധിക്കുകയില്ല. പതിതരായ മനുഷ്യരെ പാവനമാക്കി കൂടെ കൂട്ടി കൊണ്ടു പോകും. പിന്നെ അവരവരുടെ ധർമ്മത്തിന്റെ സ്ഥാപനക്ക് പാർട്ട് അഭിനയിക്കാൻ ആത്മാക്കൾ വരാൻ തുടങ്ങി. ഇപ്പോഴാണെങ്കിൽ അനേകം ധർമ്മങ്ങളുണ്ട്, ബാക്കി ഒരു ധർമ്മം മാത്രമില്ല. അതിനാൽ സർവ്വ ശാസ്ത്രങ്ങളുടേയും ശിരോമണിയാണ് ഗീത, എന്തുകൊണ്ടെന്നാൽ ഇതിലൂടെയാണ് സർവ്വരുടേയും ഗതി സദ്ഗതി നടക്കുന്നത്. ആദ്യമാദ്യം പരമാത്മാവിൽ നിന്നും ആരാണോ വേർപെട്ടത്  ആ ഭാരതവാസികളായിരിക്കും ആദ്യം ജ്ഞാനം എടുക്കുക. ആദ്യമാദ്യം ദേവതകൾ വരും പിന്നെ നമ്പർവാറായി എല്ലാവർക്കും വരണം. സതോ രജോ തമോവിലൂടെ എല്ലാവർക്കും മറി കടക്കണം. ഇപ്പോൾ കല്പത്തിന്റെ ആയുസ്സ് പൂർത്തിയായിരിക്കുന്നു. എല്ലാ ആത്മാക്കളും ഹാജരാണ്. ബാബയും വന്നു കഴിഞ്ഞു. ഓരോരുത്തർക്കും അവരവരുടെ പാർട്ട് അഭിനയിക്കണം. നാടകത്തിൽ എല്ലാ അഭിനേതാക്കളും സ്റ്റേജിൽ ഒരുമിച്ച് വരില്ലല്ലോ. തന്റെ സമയത്താണ് വരുക. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്-നമ്പർവാറായി എങ്ങനെയാണ് വരുക. വർണ്ണങ്ങളുടെ രഹസ്യം മനസ്സിലാക്കി തന്നിട്ടുണ്ട്. കുടുമി ബ്രാഹ്മണരുടേതാണ് പക്ഷെ ബ്രാഹ്മണരെ രചിക്കുന്നത് ആരാണ്. ശൂദ്രരെ രചിക്കാൻ സാധിക്കില്ലല്ലോ. കുടുമി ബ്രാഹ്മണരുടെ മുകളിൽ ബ്രാഹ്മണരുടെ അച്ഛനായ ബ്രഹ്മാവുണ്ട്. ബ്രഹ്മാവിന്റെ അച്ഛൻ ശിവബാബയും മുകളിലുണ്ട്.. അതിനാൽ നിങ്ങളാണ് ശിവവംശി ബ്രഹ്മാമുഖവംശാവലി. നിങ്ങൾ ബ്രാഹ്മണനിൽ നിന്നും വീണ്ടും ദേവതയാകും. വർണ്ണങ്ങളുടെ കണക്ക് മനസ്സിലാക്കി കൊടുക്കണം. കുട്ടി

കൾക്ക് നിർദേശം നൽകുന്നുണ്ട് എന്നാലും എല്ലാവരും ഒരു പോലെ ബുദ്ധിശാലികളല്ല. എതെങ്കിലും പുതിയവരുടെ മുന്നിൽ വിദ്വാനോ പണ്ഡിതനോ വന്നു വാക്ക്തർക്കം നടത്തിയാൽ അവർക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിയില്ല. അതിനാൽ മനസ്സിലാക്കി കൊടുക്കണം ഞാൻ പുതിയതാണ്, എന്നെക്കാൾ മുതിർന്ന സഹോദരി ഈ സമയത്ത് ഉണ്ടാകും, നിങ്ങൾ അപ്പോൾ വരണം എന്ന് അവരോട് പറയണം. എന്നെക്കാൾ മുതിർന്നതാണ് എന്ന് പറയണം. ക്ലാസ്സിൽ നമ്പർവാർ ഉണ്ടാകുമല്ലോ. ഇതിൽ ദേഹാഭിമാനം ഉണ്ടാകരുത്. ഇല്ലെങ്കിൽ മാനം പോകും. ബി.കെ കൾക്ക് പൂർണ്ണമായും മനസ്സിലാക്കി തരുവാൻ സാധിക്കില്ല എന്ന് പറയും. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് മുതിർന്നവരുടെ അടുത്തേക്ക് അവരെ അയക്കണം, ബാബ പറയാറുണ്ടല്ലോ ഞാൻ മുകളിൽ ബാബയോട് ചോദിക്കട്ടെ എന്ന്. മഹാരഥിയും, കുതിരസവാരിക്കാരും, കാലാൾപ്പടയും ഉണ്ടാകുമല്ലോ. ചിലർ സിംഹത്തിന്റെ മുകളിലും സവാരി ചെയ്യുന്നുണ്ട്. ഏറ്റവും ശക്തിശാലി ആണ് സിംഹം. കാട്ടിൽ ഒറ്റക്കാണ് നടക്കുക അതോടൊപ്പം ആനയാണെങ്കിൽ കൂട്ടമായിട്ടാണ് നടക്കുക. ഒറ്റയ്ക്കായാൽ ആരെങ്കിലും അതിനെ കൊല്ലും. ശക്തികളും സിംഹത്തിന്റെ മുകളിൽ സവാരി ചെയ്യുന്നത് കാണിക്കാറുണ്ടല്ലോ.

കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ് – ഗീതയുടെ ഭഗവാൻ കൃഷ്ണനാണ് എന്ന് പറയുന്നത് തെറ്റാണ്. കൃഷ്ണന്റെ ശാസ്ത്രത്തെ എല്ലാ ധർമ്മത്തിൽ ഉള്ളവരും അംഗീകരിക്കില്ല. പ്രാചീന ദേവി ദേവതാ ധർമ്മം ആരാണ് സ്ഥാപന ചെയ്യുന്നത് അത് തെളിയിച്ച് പറഞ്ഞു കൊടുക്കണം. അവരെ ദേവി ദേവതകൾ എന്നാണ് പറയുന്നത്. ഈശ്വരൻ വേറെയാണ്. ലക്ഷ്മി നാരായണനെ ഭഗവാൻ ഭഗവതി എന്നാണ് പറയാറുള്ളത്, അവർ പാലനക്ക് നിമിത്തമാണ്. അഥവാ ലക്ഷ്മി നാരായണനെ ഭഗവാൻ ഭഗവതി എന്ന് പറയുന്നുണ്ടെങ്കിൽ വിഷ്ണുവിനേയും ശങ്കരനേയും അതിനു മുമ്പ് ഭഗവാനെന്ന് പറയണം. നിങ്ങൾക്ക് അറിയാം ഭഗവാനല്ലാതെ ആർക്കും ഗീത കേൾപ്പിക്കാൻ സാധിക്കില്ല. ഭഗവാന്റെ മുഖത്തിലൂടെയാണ് ഗീത ഉച്ചരിച്ചത്. ശ്രീ ശ്രീ രുദ്രന്റെ ഗീതയാണ്, ഇത് ഉച്ചരിക്കാൻ വേറെ ആരുടെ മുഖത്തിനും സാധിക്കില്ല. ശിവബാബയിലൂടെ അല്ലാതെ വേറെയാർക്കും ഗീത കേൾപ്പിക്കാൻ സാധിക്കില്ല. ഗീത മാതാവാണ്, രചയിതാവ് ശിവബാബയാണ്, ബാബയിരുന്ന് ജ്ഞാനം മനസ്സിലാക്കി തരുകയാണ്. ബാബ ജ്ഞാന സാഗരനാണ്. അപ്പോൾ രചനയുടെ ജ്ഞാനം രചയിതാവാണല്ലോ നൽകുക അതിനാലാണ് കണ്ടുപിടിക്കാൻ കഴിയാത്തത് അഥവാ അവസാനം ഇല്ലാത്തതാണ് എന്ന് ഋഷി മുനിമാർ പോലും പറഞ്ഞു. ഈശ്വരന്റെ ഗതിയും വഴിയും ഈശ്വരനു തന്നെയാണ് അറിയുക. ശ്രീമത്താണ് ഈശ്വരന്റെ നിർദേശം, ഇതിലൂടെയാണ് സദ്ഗതി ലഭിക്കുക. ഗതിയോടൊപ്പം സദ്ഗതിയും ലഭിക്കും, കാരണം എപ്പോഴാണോ ഭാരതത്തിൽ സ്വർഗ്ഗം ഉണ്ടായിരുന്നത് അപ്പോൾ മറ്റു ധർമ്മത്തിലുള്ളവർ മുക്തിയിലായിരിക്കും. ഭാരതവാസി സദ്ഗതി അർത്ഥം ജീവന്മുക്തിയിലാണ്. ഈ എല്ലാ രഹസ്യങ്ങളും ബാബയാണ് മനസ്സിലാക്കി തരുന്നത്, അത് ധാരണ ചെയ്യുക തന്നെ വേണം. ഭക്തി മാർഗ്ഗത്തിൽ ഉള്ളവർ പറയാറുണ്ട് വേദ ശാസ്ത്രങ്ങളിലൂടെ ഈശ്വരനിലേക്ക് ഉള്ള വഴി ലഭിക്കുമെന്ന്, പക്ഷെ അങ്ങനെയൊന്നുമല്ല. ഏത് വഴിയിലൂടെ പോയാലും എത്തിച്ചേരുന്ന സിംലയിലെ പർവ്വതമൊന്നുമല്ല ഇത്. ഇവിടെ സജിനിമാരുടെ അടുത്തേക്ക് സാജന് വരുക തന്നെ വേണം. സജിനിമാർക്ക് അലങ്കാരം ചെയ്യുക തന്നെ വേണം, ഇതിലൂടെ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റും. എല്ലാവരും മഹാരാജാവും മഹാറാണിയുമാകാൻ ആഗ്രഹിക്കുന്നുണ്ട്, അതിനാൽ ബാബ പറയുന്നു ആദ്യം തന്റെ മുഖം നോക്കണം. നാരദന്റെ കാര്യവും ഇപ്പോഴാണ്. ലക്ഷ്മി ദേവിയെ വിവാഹം ചെയ്യണം എന്ന് പറഞ്ഞപ്പോൾ ആദ്യം തന്റെ മുഖം നോക്കൂ എന്നാണ് പറഞ്ഞത്. ബാബയും പറയുകയാണ് തന്റെ മനസ്സാകുന്ന കണ്ണാടി നോക്കൂ. കാമത്തിന്റെ ഭൂതം വരുന്നില്ലല്ലോ? പരിശോധന ചെയ്തു കൊണ്ടിരിക്കൂ അതോടൊപ്പം ഇല്ലാതാക്കി കൊണ്ടിരിക്കണം. ബാബ യുക്തികൾ പറഞ്ഞു തരുന്നുണ്ട്. മനസ്സിൽ ധാരാളം സങ്കല്പങ്ങൾ വരുന്നുണ്ട്, പക്ഷെ കർമ്മത്തിലേക്ക് വരരുത്. ബാബ നല്ല കർമ്മം അഭ്യസിപ്പിക്കുകയാണ്. കർമ്മം അകർമ്മം വികർമ്മത്തിന്റെ ഗതിയുടെ ജ്ഞാനവും ഗീതയിലുണ്ട് അതോടൊപ്പം ഇത് വേറെയാർക്കും അറിയില്ല. മായയാണ് വികർമ്മം ചെയ്യിപ്പിക്കുന്നത്, ഇത് സത്യയുഗത്തിൽ ഉണ്ടാകില്ല. ഇപ്പോൾ ശ്രീമത്തിലൂടെ നടക്കുന്നതിലൂടെയാണ് നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നത്. ഇത് ഏതെങ്കിലും മനുഷ്യന്റെ നിർദേശമല്ല. ബാബയുടെ ശ്രീമത്തിലൂടെ സ്വർഗ്ഗത്തെ നിർമ്മിക്കുകയാണ് അതോടൊപ്പം മറ്റുള്ളവരുടെ നിർദേശത്തിലൂടെ സ്വർഗ്ഗവാസിയാക്കാൻ സാധിക്കില്ല മാത്രമല്ല കൂടുതൽ ഭ്രഷ്ടമാകും.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ ഒരു ധർമ്മത്തിന്റെ സ്ഥാപന നടക്കുകയാണ്. നിങ്ങൾ യോഗബലത്തിലൂടെ ഗുപ്തമായ വേഷത്തിൽ തന്റെ രാജധാനിയുടെ സ്ഥാപന ചെയ്യുകയാണ്. കൈകളിൽ ആയുധമൊന്നും ഇല്ല. ജ്ഞാനത്തിന്റെ ബാണം അഥവാ അമ്പും വില്ലുമാണ് ഉള്ളത്. എന്നാൽ ഭക്തിയിൽ സ്ഥൂലത്തിലാണ് കാണിച്ചിരിക്കുന്നത്. ഇത് ഗുപ്തമായ ശക്തിയാണ്. നോക്കൂ എത്രയധികം ശക്തികളുടെ

പൂജയാണ് നടക്കുന്നത്. 10–20 കൈകളുള്ളവർ ആരുമില്ല. എല്ലാവർക്കും രണ്ട് കൈകളാണല്ലോ ഉള്ളത്. മനുഷ്യ സൃഷ്ടിയിൽ 8–10 കൈകളുള്ളവർ ഉണ്ടാവില്ല. സൂക്ഷ്മവതനത്തിൽ വിഷ്ണുവിന് 4 കൈകൾ കാണിക്കാറുണ്ട്, അതും അർത്ഥസഹിതമാണ്. ബീജത്തെ അറിയുന്നതിലൂടെ മുഴുവൻ വൃക്ഷത്തിന്റെയും ജ്ഞാനം അറിയാം.

ശരി– ജ്ഞാനത്തിന്റെ ഖജനാവ് കുട്ടികൾക്ക് ലഭിക്കുന്നുണ്ട് പിന്നെ മുഖത്തെ മധുരിപ്പിക്കുന്നതിനു വേണ്ടി കുട്ടികൾക്ക് ടോളി കൊടുക്കുകയാണ്. ശിവബാബ സ്വയം കഴിക്കുന്നില്ല, എല്ലാം കുട്ടികൾക്കു വേണ്ടിയാണ്. രാജ്യവും കുട്ടികൾക്കു വേണ്ടിയാണ്. ലക്ഷ്മി നാരായണനും തന്റെ കുട്ടികൾക്ക് കൊടുക്കും. എല്ലാവർക്കും കൊടുക്കില്ല, എന്നാൽ ഇവിടെ ബാബ എല്ലാ കുട്ടികൾക്കും കൊടുക്കുന്നുണ്ട്. അവിടെ പ്രജയും പറയും ഞാൻ സ്വർഗ്ഗത്തിന്റെ അധികാരി ആണെന്ന്. പ്രജക്കും സുഖമുണ്ടാകും. ദു:ഖത്തിന്റെ പേര് പോലും ഉണ്ടാകില്ല. ബാക്കി നമ്പർവാറായിരിക്കുമല്ലോ. അവിടെ അളവില്ലാത്ത സ്വർണ്ണവും ഉണ്ടാകും. ഇവിടെയാണെങ്കിൽ എല്ലാ ഖജനാവുകളും ഒഴിഞ്ഞിരിക്കുകയാണ്. പാട്ടുമുണ്ട് ചിലരുടേത് മണ്ണിൽ പോയി, ചിലരുടേത് രാജാവ് എടുത്തു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ദേഹാഭിമാനത്തെ ഉപേക്ഷിച്ച് തന്നെക്കാളും മുതിർന്നവരെ മുന്നിൽ വെക്കണം. ആരെങ്കിലും ജ്ഞാനത്തിന്റെ വാദപ്രതിവാദത്തിനു വന്നാൽ വലിയവരുടെ അടുത്തേക്ക് പറഞ്ഞയക്കണം, തന്റെ മാനം നഷ്ടമാക്കരുത്.

2)ഉദാരത ആരംഭിക്കേണ്ടത് വീട്ടിൽ നിന്നാണ്. ആദ്യം കുടുംബത്തിന്റെ മംഗളം ചെയ്യണം, ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ട് കമല പുഷ്പത്തിനു സമാനം പവിത്രമാകണം.

## വരദാനം:– ദേഹ–അഹങ്കാരം അഥവാ അഭിമാനത്തിന്റെ സൂക്ഷ്മ അംശത്തെപ്പോലും ത്യാഗം ചെയ്യുന്ന ആകാരിയും ഒപ്പം നിരാകാരിയുമായി ഭവിക്കട്ടെ.

പലർക്കും വലിയ രൂപത്തിൽ ദേഹത്തിന്റെ ആകാരത്തിൽ ആകർഷണമോ അഭിമാനമോ ഇല്ല, പക്ഷെ ദേഹത്തിന്റെ സംബന്ധത്തിൽ, തന്റെ സംസ്കാരം വിശേഷപ്പെട്ടതാണ്, ബുദ്ധി വിശേഷപ്പെട്ടതാണ്, ഗുണങ്ങൾ വിശേഷപ്പെട്ടതാണ്, കലകൾ വിശേഷപ്പെട്ടതാണ്, ഏതെങ്കിലും വിശേഷ ശക്തിയുണ്ട്–അതിന്റെ അഭിമാനം അതായത് അഹങ്കാരം, ലഹരി, പ്രൗഢി– ഈ സൂക്ഷ്മ അഭിമാനമുണ്ട്. എങ്കിൽ ഈ അഭിമാനം ഒരിക്കലും ആകാരി ഫരിസ്തയോ നിരാകാരിയോ ആകാൻ അനുവദിക്കില്ല. അതിനാൽ അതിന്റെ അംശമാത്ര പോലും ത്യജിക്കൂ, എങ്കിൽ സഹജമായിത്തന്നെ ആകാരിയും ഒപ്പം നിരാകാരിയുമാകാൻ കഴിയും.

## സ്ലോഗൻ:– സമയത്ത് സഹയോഗിയാകൂ എങ്കിൽ കോടി മടങ്ങ് തിരികെ ലഭിക്കും.